**മധുരമായ കുട്ടികളേ – ഇതുവരെ എന്തെല്ലാമാണോ പഠിച്ചത് അതെല്ലാം തന്നെ മറന്നേക്കൂ, തികച്ചും കുട്ടിക്കാലത്തേക്ക് പോകൂ, അപ്പോൾ ഈ ആത്മീയ പഠിപ്പിൽ പാസ്സാവാൻ സാധിക്കും.**

**ചോദ്യം –** ഏതു കുട്ടികൾക്കാണോ ദിവ്യബുദ്ധി ലഭിച്ചിരിക്കുന്നത് അവരുടെ അടയാളങ്ങൾ എന്തെല്ലാമാണ്?

**ഉത്തരം –** അവർ ഈ പഴയ ലോകത്തെ കണ്ണുകൾ കൊണ്ട് കണ്ടിട്ടും കാണാതിരിക്കുന്നു. അവരുടെ ബുദ്ധിയിൽ സദാ ഉണ്ടായിരിക്കും ഈ പഴയലോകം നശിച്ചുകഴിഞ്ഞു. ഈ ശരീരം പഴയതും തമോപ്രധാനവുമാണ്, ആത്മാവും തമോപ്രധാനമാണ്, ഇതിനോട് എന്ത് പ്രീതി വെക്കാനാണ്. ഇങ്ങനെയുള്ള ദിവ്യബുദ്ധികളായ കുട്ടികളോട് മാത്രമേ ബാബയ്ക്കും ഹൃദയം കൊണ്ടുള്ള പ്രീതിയുണ്ടാവൂ. അങ്ങനെയുള്ള കുട്ടികൾക്കു മാത്രമേ ബാബയുടെ ഓർമ്മയിൽ നിരന്തരം ഇരിക്കാൻ സാധിക്കൂ. സേവനത്തിലും മുന്നേറുവാൻ സാധിക്കൂ.

**ഓംശാന്തി.** മധുര–മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുകയാണ്. പരിധിയുള്ള സന്യാസിമാർ, അവർ വീടും കുടുംബവും ഉപേക്ഷിക്കുന്നു, എന്തുകൊണ്ടെന്നാൽ അവർ മനസ്സിലാക്കുന്നു ബ്രഹ്മത്തിൽ പോയി ലയിക്കുമെന്ന്, അതുകൊണ്ട് ലോകത്തിൽ നിന്നുമുള്ള ആസക്തി ഉപേക്ഷിക്കേണ്ടതായുണ്ട്. അഭ്യാസവും അതുപോലെത്തന്നെ ചെയ്യുന്നുണ്ടാവും. പോയി ഏകാന്തതയിലിരിക്കുന്നു. അവർ ഹഠയോഗികളാണ്, തത്വജ്ഞാനികളാണ്. ബ്രഹ്മത്തിൽ പോയി ലയിക്കുമെന്ന് മനസ്സിലാക്കുന്നു അതുകൊണ്ട് മമത്വത്തെ ഇല്ലാതാക്കുന്നതിനായി വീടും കുടുംബവും ഉപേക്ഷിക്കുന്നു. വൈരാഗ്യം ഉണ്ടാകുന്നു. പക്ഷേ പെട്ടെന്നൊന്നും മമത്വത്തെ ഇല്ലാതാക്കാൻ സാധിക്കില്ല. തന്റെ പത്നിയെയും കുട്ടികളെയും ഓർമ്മ വന്നുകൊണ്ടിരിക്കുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് ജ്ഞാനത്തിന്റെ ബുദ്ധിയിലൂടെ എല്ലാംതന്നെ മറക്കേണ്ടതായുണ്ട്. ഏതൊരു വസ്തുവും പെട്ടെന്നു തന്നെ മറക്കില്ല. ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത സന്യാസം ചെയ്യുന്നു. എല്ലാ സന്യാസിമാർക്കും ഓർമ്മയുണ്ടാവുക തന്നെ ചെയ്യും. പക്ഷേ ബുദ്ധികൊണ്ട് മനസ്സിലാക്കുന്നു ഞങ്ങൾക്ക് ബ്രഹ്മത്തിൽ പോയി ലയിക്കണമെന്ന്. അതുകൊണ്ട് നമുക്ക് ദേഹാഭിമാനം പാടില്ല. അത് ഹഠയോഗത്തിന്റെ മാർഗ്ഗമാണ്. മനസ്സിലാക്കുന്നു നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് ബ്രഹ്മത്തിൽ പോയി ലയിക്കുമെന്ന്. അവർക്ക് ഇത് അറിയുക പോലും ഇല്ല നമുക്ക് എങ്ങനെ ശാന്തിധാമത്തിലേക്ക് പോകാൻ സാധിക്കുമെന്ന്. നിങ്ങൾക്ക് അറിയാം നമുക്കിപ്പോൾ വീട്ടിലേക്ക് പോകണമെന്ന്. എങ്ങനെയാണോ വിദേശത്തു നിന്നും വരുമ്പോൾ ഇങ്ങനെ മനസ്സിലാക്കുന്നത്, നമുക്ക് ഇന്ന വഴി ബോംബെയിലേക്ക് പോകണം........ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പക്കാ നിശ്ചയമാണ്. വളരെ പേർ പറയുന്നുണ്ട് ഇവരുടെ പവിത്രത നല്ലതാണ്, ജ്ഞാനം നല്ലതാണ്, പ്രസ്ഥാനം നല്ലതാണ് എന്നൊക്കെ. മാതാക്കൾ ധാരാളം പ്രയത്നിക്കുന്നുണ്ട്, കാരണം വളരെ അക്ഷീണമായി മനസ്സിലാക്കി കൊടുക്കുന്നുണ്ട്. തന്റെ ശരീരവും മനസ്സും ധനവും ഉപയോഗിക്കുന്നതുകൊണ്ട് വളരെ നന്നായി തോന്നുന്നുണ്ട്. പക്ഷേ നമുക്കും അങ്ങനെ അഭ്യസിക്കണം എന്ന ചിന്ത പോലും ചിലർക്ക് വരുന്നില്ല. വിരളം പേരെ ഇതിനുവേണ്ടി ശ്രമിക്കുന്നുള്ളൂ. അത് ബാബയും പറയാറുണ്ട് കോടിയിൽ ചിലർ, അതായത് ആര് നിങ്ങളുടെ അടുത്തേക്ക് വരുന്നുവോ അവരിലും ചിലരു മാത്രമേ തുടരുകയുള്ളൂ. ബാക്കി ഈ പഴയ ലോകം നശിക്കാൻ പോവുകയാണ്. നിങ്ങൾക്ക് അറിയാം ഇപ്പോൾ ബാബ വന്നു കഴിഞ്ഞു. സാക്ഷാത്കാരം ഉണ്ടായാലും ഇല്ലെങ്കിലും, വിവേകം പറയുന്നു നിങ്ങൾക്ക് അറിയാം പരിധിയില്ലാത്ത അച്ഛൻ വന്നു കഴിഞ്ഞു എന്ന്. ഇതും നിങ്ങൾക്ക് അറിയാം ബാബ ഒന്നേയുള്ളൂ, ആ പാരലൗകിക അച്ഛൻ തന്നെയാണ് ജ്ഞാനസാഗരൻ. ലൗകിക പിതാവിനെ ജ്ഞാനസാഗരൻ എന്നു പറയില്ല. ഇതും ബാബ തന്നെയാണ് വന്ന് നിങ്ങൾ കുട്ടികൾക്ക് പരിചയം നൽകുന്നത്. നിങ്ങൾക്ക് അറിയാം ഇപ്പോൾ പഴയ ലോകം നശിക്കാൻ പോവുകയാണ്. നമ്മൾ 84 ജന്മങ്ങളുടെ ചക്രം പൂർത്തിയാക്കി. ഇപ്പോൾ നമ്മൾ പുരുഷാർത്ഥം ചെയ്യുകയാണ് തിരിച്ച് ശാന്തിധാമം വഴി സുഖധാമത്തിലേക്ക് പോകാൻ. ശാന്തിധാമത്തിലേക്ക് തീർച്ചയായും പോകണം. അവിടെ നിന്നും തിരിച്ച് ഇങ്ങോട്ട് വരണം. മനുഷ്യർ ഈ കാര്യങ്ങളിൽ ആശയക്കുഴപ്പത്തിലാണ്. ആരെങ്കിലും മരിക്കുകയാണെങ്കിൽ പറയും വൈകുണ്ഡത്തിലേക്ക് പോയി എന്ന്. പക്ഷേ വൈകുണ്ഡം എവിടെയാണ്? ഭാരതവാസികൾക്കേ ഈ വൈകുണ്ഡത്തിന്റെ പേര് അറിയൂ. മറ്റുള്ള ധർമ്മത്തിലുള്ളവർക്ക് വൈകുണ്ഡത്തെക്കുറിച്ച് അറിയില്ല. കേവലം പേര് കേട്ടിട്ടുണ്ട്, ചിത്രങ്ങളും കണ്ടിട്ടുണ്ട്. ദേവതകളുടെ ക്ഷേത്രങ്ങളെല്ലാം ധാരാളം കണ്ടിട്ടുണ്ട്. ഈ ദിൽവാഡാ ക്ഷേത്രമുണ്ട്, ലക്ഷക്കണക്കിന് കോടിക്കണക്കിനു രൂപ ചിലവാക്കിയാണ് ഉണ്ടാക്കിയത്, ഉണ്ടാക്കി കൊണ്ടേയിരിക്കുന്നുണ്ട്. ദേവീദേവതകളെ വൈഷ്ണവരെന്നു

പറയാറുണ്ട്. അവർ വിഷ്ണുവിന്റെ വംശാവലിയാണ്. അവർ പവിത്രമായവരാണ്. സത്യയുഗത്തെ പാവനലോകമെന്നു പറയുന്നു. ഇത് പതിതലോകമാണ്. സത്യയുഗത്തിലെ വൈഭവങ്ങളൊന്നും തന്നെ ഇവിടെയുണ്ടാവില്ല. ഇവിടെ ധാന്യങ്ങളെല്ലാം തന്നെ തമോപ്രധാനമായിരിക്കുകയാണ്. സ്വാദും തമോപ്രധാനമാണ്. കുട്ടികൾക്ക് സാക്ഷാത്കാരം ലഭിക്കുമ്പോൾ പറയും ഞങ്ങൾ മാമ്പഴച്ചാറ് കുടിച്ചു വരികയാണ്. വളരെ സ്വാദുണ്ടായിരുന്നു. ഇവിടെയും നിങ്ങളുടെ കൈകൊണ്ട് ഉണ്ടാക്കുമ്പോൾ പറയുന്നു വളരെ സ്വാദുണ്ടെന്ന്, കാരണം നിങ്ങൾ നന്നായി ഉണ്ടാക്കുന്നുണ്ട്. സർവ്വരും മനസ്സ് നിറച്ച് കഴിക്കുന്നു. നിങ്ങൾ യോഗത്തിലിരുന്നുകൊണ്ട് ഉണ്ടാക്കുമ്പോൾ എല്ലാം സ്വാദുള്ളതായിത്തീരുന്നു എന്നല്ല, എല്ലാത്തിനും അഭ്യാസം ആവശ്യമാണ്. ചിലർ വളരെ നന്നായി ഭോജനം ഉണ്ടാക്കുന്നു. അവിടെയാണെങ്കിൽ ഓരോ വസ്തുവും സതോപ്രധാനമായിരിക്കും. അതുകൊണ്ട് വളരെയധികം ശക്തിയുണ്ടായിരിക്കും. തമോപ്രധാനമാകുന്നതോടെ എല്ലാത്തിന്റെയും ശക്തി കുറയുന്നു, പിന്നീട് അതിൽ നിന്നും ദു:ഖങ്ങളും അസുഖങ്ങളും എല്ലാം ഉണ്ടാകുന്നു. പേരു തന്നെ ദു:ഖധാമം എന്നാണ്. സുഖധാമത്തിൽ ദു:ഖത്തിന്റെ കാര്യമില്ല. നമ്മൾ ഇത്രയ്ക്കും സുഖത്തിലേക്കാണ് പോകുന്നത്, ഇതിനെയാണ് സ്വർഗ്ഗീയ സുഖമെന്ന് പറയുന്നത്. കേവലം നിങ്ങൾക്ക് പവിത്രമായിത്തീരണം അതും കേവലം ഈയൊരു ജന്മത്തേക്കു വേണ്ടി. പിന്നീടുള്ള ചിന്ത വേണ്ട ഇപ്പോൾ നിങ്ങൾ പവിത്രമായിത്തീരൂ. ആദ്യം, ആരാണ് ഇത് പറയുന്നത് എന്ന് ചിന്തിക്കൂ. പരിധിയില്ലാത്ത അച്ഛന്റെ പരിചയം നൽകേണ്ടതായി വരും. പരിധിയില്ലാത്ത അച്ഛനിൽ നിന്നും സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ലൗകിക അച്ഛനും പാരലൗകിക അച്ഛനെ ഓർമ്മിക്കുന്നു. ബുദ്ധി മുകളിലേക്ക് പോകുന്നു. നിങ്ങൾ കുട്ടികളിലും ആരാണോ പക്കാ നിശ്ചയബുദ്ധികൾ, അവരുടെ ഉള്ളിലുണ്ടാവും ഇനി ഈ ലോകത്തിൽ കുറച്ച് ദിവസം മാത്രമേ ബാക്കിയുള്ളൂ. ഇത് കക്കയ്ക്കു സമാനമായ ശരീരമാണ്. ആത്മാവും കക്കയ്ക്കു സമാനമായി മാറിയിരിക്കുകയാണ്, ഇതിനെയാണ് വൈരാഗ്യം എന്ന് പറയുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ഡ്രാമയെ അറിഞ്ഞു കഴിഞ്ഞു. ഭക്തിമാർഗ്ഗത്തിലെ പാർട്ട് നടക്കുക തന്നെ ചെയ്യും. എല്ലാവരും ഭക്തിയിൽ തന്നെയാണ്, ഇതിൽ വെറുക്കേണ്ടതായ ആവശ്യമില്ല. സന്യാസിമാർ സ്വയം വെറുപ്പ് ഉണർത്തുകയാണ്. വീട്ടിൽ എല്ലാവരും ദു:ഖികളായിരിക്കും, അവർ സ്വയത്തെ സുഖിയാക്കുന്നതിനായി പോവുകയാണ്. പക്ഷേ തിരിച്ച് ആർക്കും തന്നെ മുക്തിധാമത്തിലേക്കു പോകാൻ സാധിക്കില്ല. ആരെല്ലാമാണോ താഴേക്കു വന്നിരിക്കുന്നത് അവർ ആരും തന്നെ മുകളിലേക്ക് പോയിട്ടില്ല. എല്ലാവരും ഇവിടെത്തന്നെയുണ്ട്. ഒരാൾ പോലും നിർവ്വാണധാമത്തിൽ അഥവാ ബ്രഹ്മത്തിലേക്ക് പോയിട്ടില്ല. അവർ മനസ്സിലാക്കുന്നു ഇന്നയാൾ ബ്രഹ്മത്തിലേക്ക് ലയിച്ചു എന്ന്. ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളിലുണ്ട്. ബാബ പറയുന്നു ഈ ശാസ്ത്രങ്ങളിലെല്ലാം എന്തൊക്കെയുണ്ടോ അതൊക്കെ ഭക്തിമാർഗ്ഗത്തിലേതാണ്. നിങ്ങൾ കുട്ടികൾക്കിപ്പോൾ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് നിങ്ങൾക്കിപ്പോൾ ഒന്നും തന്നെ വായിക്കേണ്ടതായ ആവശ്യമില്ല. പക്ഷേ ചിലർക്ക് നോവലുകളെല്ലാം വായിക്കുന്ന സ്വഭാവമുണ്ട്. പൂർണ്ണ ജ്ഞാനമില്ല. അവരെ പറയുന്ന പേരാണ്, നാമധാരി(പേരിനുമാത്രമുള്ള) ജ്ഞാനിയെന്ന്. രാത്രിയിൽ നോവലും വായിച്ച് ഉറങ്ങിക്കഴിഞ്ഞാൽ അവരുടെ ഗതി എന്തായിത്തീരും? ഇവിടെ ബാബ പറയുന്നത് ഇതാണ് എന്തെല്ലാം തന്നെ പഠിച്ചിട്ടുണ്ടോ അതെല്ലാം തന്നെ മറന്നേക്കൂ. ഈ ആത്മീയ പഠിപ്പിൽ മുഴുകൂ. ഇവിടെ ഭഗവാനാണ് പഠിപ്പിക്കുന്നത്, ഇതിലൂടെ നിങ്ങൾ ദേവതയായിത്തീരുന്നു, 21 ജന്മത്തേക്കുവേണ്ടി. ബാക്കി എന്തെല്ലാമാണോ പഠിച്ചിട്ടുള്ളത് അതെല്ലാം തന്നെ മറന്നേക്കൂ. തീർത്തും കുട്ടിക്കാലത്തേക്ക് പോകൂ. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. ഈ കണ്ണുകളിലൂടെ കാണുന്നുണ്ടെങ്കിലും കണ്ടിട്ടും കാണാതിരിക്കൂ. നിങ്ങൾക്ക് ദിവ്യദൃഷ്ടിയും ദിവ്യബുദ്ധിയും ലഭിച്ചിട്ടുണ്ട്, അപ്പോൾ മനസ്സിലാക്കണം ഇത് പഴയ ലോകമാണെന്ന്. എല്ലാം നശിക്കാൻ പോവുകയാണ്. ഇതെല്ലാം തന്നെ ശ്മശാനമാണ്, ഇതിനോട് എന്ത് പ്രീതി വെക്കാനാണ്. ഇപ്പോൾ സ്വർഗ്ഗമായിത്തീരണം. നിങ്ങളിപ്പോൾ ശ്മശാനത്തിന്റെയും സ്വർഗ്ഗത്തിന്റെയും മദ്ധ്യത്തിലാണ് വസിക്കുന്നത്. ഇപ്പോൾ സ്വർഗ്ഗം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പഴയ ലോകത്തിൽ ഇരിക്കുന്നു. പക്ഷേ ഇടയ്ക്ക് ബുദ്ധിയുടെ യോഗം അങ്ങോട്ട്(സ്വർഗ്ഗം) പോകണം. നിങ്ങൾ പുതിയ ലോകത്തിനു വേണ്ടിയുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. ഇപ്പോൾ പുരുഷോത്തമനായിത്തീരുന്നതിനുവേണ്ടി രണ്ടിന്റേയും മദ്ധ്യത്തിലാണ്. ഈ പുരുഷോത്തമ സംഗമയുഗത്തെക്കുറിച്ച് ആർക്കും തന്നെ അറിയുന്നില്ല. പുരുഷോത്തമ മാസം, പുരുഷോത്തമ വർഷം ഇതിന്റെയും അർത്ഥത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ല. പുരുഷോത്തമസംഗമയുഗത്തിന് വളരെ കുറച്ച് സമയം മാത്രമേയുള്ളൂ. ഈ സർവ്വകലാശാലയിലേക്ക് വൈകി വരുകയാണെങ്കിൽ വളരെയധികം പ്രയത്നിക്കേണ്ടതായി വരും. ഓർമ്മ നിലനിൽക്കാൻ ബുദ്ധിമുട്ടാണ്, ഇടയ്ക്ക് മായ വിഘ്നമുണ്ടാക്കി കൊണ്ടിരിക്കുന്നു. അപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ഈ പഴയ ലോകം നശിക്കാൻ പോവുകയാണ്. ബാബ ഇവിടെ ഇരിക്കുന്നുണ്ടെങ്കിലും, എല്ലാം കാണുന്നുണ്ടെങ്കിലും ബുദ്ധിയിലുണ്ട് ഇതെല്ലാം തന്നെ നശിക്കാൻ പോവുകയാണെന്ന്. ഒന്നും തന്നെ അവശേഷിക്കില്ല. ഇത് പഴയ ലോകമാണ് ഇതിനോട് വൈരാഗ്യം തോന്നണം. ശരീരധാ

രികളും എല്ലാം പഴയതാണ്. ശരീരം പഴയതും തമോപ്രധാനവുമാണെങ്കിൽ ആത്മാവും തമോപ്രധാനമാണ്. ഇങ്ങനെയുള്ള സാധനത്തെ നമ്മൾ കണ്ടിട്ടുതന്നെ എന്താണ് പ്രയോജനം. ഇതൊന്നും തന്നെ അവശേഷിക്കാൻ പോകുന്നില്ല, ഒന്നിനോടും പ്രീതി വേണ്ട. ബാബയുടെ ഹൃദയത്തിൽ ഇങ്ങനെയുള്ള കുട്ടികളാണ് ഉണ്ടാവുക ആരാണോ ബാബയെ നല്ല രീതിയിൽ ഓർമ്മിക്കുന്നത്, സേവനം ചെയ്യുന്നത്. ബാക്കി എല്ലാവരും കുട്ടികൾ തന്നെയാണ്. എത്രയധികം കുട്ടികളാണ്. എല്ലാവരും ഒരിക്കലും കണ്ടിട്ടുപോലുമുണ്ടാവില്ല. പ്രജാപിതാവായ ബ്രഹ്മാവിനെയും അവർക്ക് അറിയില്ല. പ്രജാപിതാ ബ്രഹ്മാവ് എന്ന പേര് കേട്ടിട്ടുണ്ട് പക്ഷേ അവരിൽ നിന്നും എന്താണ് ലഭിക്കുക എന്നുള്ളത് അറിയില്ല. ബ്രഹ്മാവിന്റെ ക്ഷേത്രവുമുണ്ട്, താടിയുള്ള ചിത്രത്തെയും കാണിക്കുന്നുണ്ട്. പക്ഷേ അവരെ ആരും തന്നെ ഓർമ്മിക്കില്ല, കാരണം അവരിൽ നിന്നും സമ്പത്ത് ലഭിക്കില്ലല്ലോ. ആത്മാക്കൾക്ക് സമ്പത്ത് ലഭിക്കുന്നത് ഒരേയൊരു ലൗകിക അച്ഛനിൽ നിന്ന്, രണ്ടാമതായി പാരലൗകിക അച്ഛനിൽ നിന്ന്. പ്രജാപിതാവായ ബ്രഹ്മാവിനെക്കുറിച്ച് ആർക്കും തന്നെ അറിയുന്നില്ല. ഇത് അത്ഭുതകരമാണ്. അച്ഛനായി സമ്പത്ത് നൽകുന്നില്ലെങ്കിൽ അലൗകികമായല്ലോ. പരിധിക്കുള്ളതും പരിധിയില്ലാത്തതുമായ സമ്പത്താണ് ഉള്ളത്. അതിനിടയിലുള്ള സമ്പത്തില്ല. പ്രജാപിതാവെന്നു പറയുന്നുണ്ടെങ്കിലും സമ്പത്ത് നൽകുന്നില്ല. ഈ അലൗകിക അച്ഛനു പോലും സമ്പത്ത് ലഭിക്കുന്നത് പാരലൗകിക പിതാവിൽ നിന്നാണ്. പിന്നെ അവർ എങ്ങനെ നൽകാനാണ്. പാരലൗകിക അച്ഛൻ ഇവരിലൂടെയാണ് നൽകുന്നത്. ഇത് രഥമാണ്. ഇവരെ എന്തിന് ഓർമ്മിക്കാനാണ്. ഇവർക്ക് സ്വയം തന്നെ ആ ബാബയെ ഓർമ്മിക്കേണ്ടതായുണ്ട്. മറ്റുള്ള മനുഷ്യർ മനസ്സിലാക്കുന്നു ഈ ബ്രഹ്മാവു തന്നെയാണ് പരമാത്മാവെന്ന്. പക്ഷേ നമുക്ക് ഇദ്ദേഹത്തിൽ നിന്നും സമ്പത്ത് ലഭിക്കില്ല. ശിവബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുക. ഇദ്ദേഹം മദ്ധ്യത്തിൽ ഇടനിലക്കാരനാണ്. ഇദ്ദേഹവും നമ്മെ പോലെ വിദ്യാർത്ഥിയാണ്. ഭയപ്പെടേണ്ടതായ കാര്യമില്ല.

ബാബ പറയുന്നു ഈ സമയം മുഴുവൻ ലോകവും തമോപ്രധാനമാണ്. നിങ്ങൾക്ക് യോഗബലത്തിലൂടെ സതോപ്രധാനമായി മാറണം. ലൗകിക പിതാവിൽ നിന്നും പരിധിയുള്ള സമ്പത്താണ് ലഭിക്കുന്നത്. നിങ്ങൾക്കിപ്പോൾ പരിധിയില്ലാത്തതിലേക്ക് ബുദ്ധി വെക്കണം. ബാബ പറയുന്നു കേവലം ബാബയിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും ഒന്നും തന്നെ ലഭിക്കാനില്ല. അത് ദേവതകളായാലും ശരി. ഈ സമയത്ത് എല്ലാവരും തമോപ്രധാനമാണ്. ലൗകിക അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുകതന്നെ ചെയ്യും. ബാക്കി ഈ ലക്ഷ്മി-നാരായണനിൽ നിന്നും നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? മറ്റുള്ള മനുഷ്യർ മനസ്സിലാക്കുന്നു ഇവർ അമരനാണ്, ഒരിക്കലും മരിക്കുന്നില്ല, തമോപ്രധാനമാകുന്നില്ല. പക്ഷേ നിങ്ങൾക്ക് അറിയാം ആരാണോ സതോപ്രധാനമായിരുന്നത്, അവർക്ക് തീർച്ചയായും തമോപ്രധാനമാകണം. ശ്രീകൃഷ്ണനെ ലക്ഷ്മി-നാരായണനെക്കാളും ഉയർന്നതാണെന്ന് മനസ്സിലാക്കുന്നു, കാരണം അവർ വിവാഹം കഴിച്ചവരാണ്. കൃഷ്ണൻ ജന്മനാ പവിത്രമാണ്, അതുകൊണ്ടാണ് കൃഷ്ണന്റെ മഹിമ പാടുന്നത്. കൃഷ്ണനെയാണ് ഊഞ്ഞാലാട്ടുന്നതും. കൃഷ്ണന്റെ ജയന്തിയാണ് ആഘോഷിക്കുന്നത്. ലക്ഷ്മി-നാരായണന്റെ എന്തുകൊണ്ട് ആഘോഷിക്കുന്നില്ല? ജ്ഞാനമില്ലാത്തതു കാരണം കൃഷ്ണനെ ദ്വാപരയുഗത്തിലേക്കു കൊണ്ടുവന്നു. പറയാറുണ്ട് ഗീതാജ്ഞാനം ദ്വാപരയുഗത്തിൽ നൽകിയെന്ന്. ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കാൻ എത്ര കഠിനമാണ്. പറയുന്നത്, ജ്ഞാനം പരമ്പരാഗതമായി ഉണ്ടെന്നുള്ളതാണ്. പക്ഷേ പരമ്പരാഗതം അർത്ഥം എപ്പോൾ മുതൽക്ക്? ഇത് ആർക്കും തന്ന അറിയുന്നില്ല. പൂജ എപ്പോൾ മുതൽക്ക് ആരംഭിച്ചു എന്നുള്ളതും അറിയുന്നില്ല. അതുകൊണ്ടാണ് പറയുന്നത്, രചയിതാവിനെക്കുറിച്ചും രചനയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ചും അറിയുന്നില്ലെന്ന്. കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിനു വർഷം എന്നു പറഞ്ഞതിലൂടെ പരമ്പരാഗതമായി. തിയ്യതിയും ദിവസവുമൊന്നും അറിയില്ല. ലക്ഷ്മി-നാരായണന്റെയും ജന്മദിവസം ആഘോഷിക്കുന്നില്ല. ഇതിനെയാണ് ജ്ഞാനാന്ധകാരമെന്നു പറയുന്നത്. നിങ്ങളിൽ പലർക്കും ഈ കാര്യങ്ങളെക്കുറിച്ച് യഥാർത്ഥ രീതിയിൽ അറിയുന്നില്ല. അതുകൊണ്ടാണ് പറയുന്നത് - മഹാരഥി, കുതിരസവാരിക്കാർ, കാലാൾപട എന്നെല്ലാം. ആനയെ മുതല വിഴുങ്ങി എന്നു പറയാറുണ്ട്, മുതല വലുതാണ്, ഒറ്റയടിക്ക് വിഴുങ്ങുന്നു, സർപ്പം തവളയെ വിഴുങ്ങുന്നത് പോലെ.

ഭഗവാനെ എന്തുകൊണ്ടാണ് തോട്ടക്കാരൻ, തോണിക്കാരൻ എന്നൊക്കെ പറയുന്നത്? ഇതും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ബാബ വന്ന് വിഷയസാഗരത്തിൽ നിന്നും അക്കര കൊണ്ടുപോകുന്നു. അതുകൊണ്ടാണ് പറയുന്നത്, എന്റെ തോണി അക്കര കടത്തൂ എന്ന്. നിങ്ങൾക്കും ഇപ്പോൾ അറിഞ്ഞു കഴിഞ്ഞു നമ്മൾ എങ്ങനെ അക്കര കടക്കുന്നു എന്ന്. ബാബ നമ്മെ ക്ഷീരസാഗരത്തിലേക്ക് കൊണ്ടുപോകുന്നു. അവിടെ ദു:ഖത്തിന്റെയും വേദനയുടെയും കാര്യം തന്നെയില്ല. നിങ്ങൾ കേട്ടതിനുശേഷം മറ്റുള്ളവരോടും പറയുന്നു തോണിയെ അക്കര കടത്തുന്ന തോണിക്കാരൻ പറയുകയാണ് - അല്ലയോ കുട്ടികളേ, നിങ്ങൾ എല്ലാവരും സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. നിങ്ങൾ എല്ലാവരും ആദ്യം ക്ഷീര

സാഗരത്തിലായിരുന്നു, ഇപ്പോൾ വിഷയസാഗരത്തിലേക്ക് എത്തിയിരിക്കുകയാണ്. ആദ്യം നിങ്ങൾ ദേവതയായിരുന്നു. സ്വർഗ്ഗമാണ് ലോകത്തിലെ മഹാത്ഭുതം. മുഴുവനും ലോകത്തിൽ വെച്ചുള്ള ആത്മീയ അത്ഭുതമാണ് സ്വർഗ്ഗം. പേരു കേൾക്കുമ്പോൾ തന്നെ സന്തോഷിക്കുന്നു. സ്വർഗ്ഗത്തിൽ നിങ്ങളാണ് വസിച്ചിരുന്നത്. ഇവിടെ ഏഴു മഹാത്ഭുതങ്ങളെ കാണിക്കുന്നുണ്ട്. താജ്മഹലിനെയും അത്ഭുതമെന്നു പറയുന്നുണ്ട്. പക്ഷേ അവിടെ വസിക്കാനൊന്നും സാധിക്കില്ല. നിങ്ങൾ ലോകമഹാത്ഭുതത്തിലെ അധികാരിയായിത്തീരുന്നു. നിങ്ങൾക്കു വസിക്കുന്നതിനായി ബാബ എത്ര അത്ഭുതകരമായ വൈകുണ്ഡത്തെയാണ് ഉണ്ടാക്കിയത്, 21 ജന്മത്തേക്കു കോടിപതിയായിത്തീരുന്നു. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് എത്രത്തോളം സന്തോഷം ഉണ്ടായിരിക്കണം, ഞങ്ങൾ മറുകരയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അനേകതവണ നിങ്ങൾ കുട്ടികൾ സ്വർഗ്ഗത്തിലേക്ക് പോയിട്ടുണ്ടാവും. ഈ ചക്രം നിങ്ങൾ കറങ്ങിക്കൊണ്ടിരിക്കും. പുതിയ ലോകത്തേക്ക് ആദ്യമാദ്യം വരുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. മനസ്സിനുള്ളിൽ പഴയ കെട്ടിടത്തിലേക്ക് പോകുന്നതിനായുള്ള താൽപര്യം ഉണ്ടകില്ലല്ലോ. ബാബ ശക്തി നൽകുകയാണ്, പുരുഷാർത്ഥം ചെയ്ത് പുതിയ ലോകത്തേക്ക് പോകൂ. ബാബ നമ്മെ ലോകമഹാത്ഭുതത്തിലെ അധികാരിയാക്കിത്തീർക്കുകയാണ്. അപ്പോൾ അങ്ങനെയൊരു പിതാവിനെ എന്തുകൊണ്ട് ഓർമ്മിച്ചൂടാ. വളരെയധികം പ്രയത്നിക്കണം. ഈ ലോകത്തെ കണ്ടുകൊണ്ടും കാണാതിരിക്കൂ. ബാബ പറയുന്നു, ഞാൻ കാണുന്നുണ്ടെങ്കിലും, എന്നിൽ ജ്ഞാനമുണ്ട്- ഞാൻ അൽപദിവസത്തേക്കുള്ള വഴിയാത്രക്കാരനാണ്. അതേപോലെ നിങ്ങളും ഇവിടേക്ക് പാർട്ട് അഭിനയിക്കുന്നതിനായി വന്നിരിക്കുകയാണ്. അതുകൊണ്ട് ഇതിനോടുള്ള മമത്വത്തെ ഉപേക്ഷിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. ആത്മീയ പഠിപ്പിൽ സദാ ബിസിയായിരിക്കണം. ഒരിക്കലും നോവലുകളൊന്നും തന്നെ പഠിക്കുന്ന മോശമായ സ്വഭാവത്തെ ഉണ്ടാക്കരുത്. ഇപ്പോൾ വരെയ്ക്കും എന്തെല്ലാമാണോ പഠിച്ചത്, അതെല്ലാം മറന്ന് ബാബയെ ഓർമ്മിക്കണം.

2. ഈ പഴയ ലോകത്തിൽ സ്വയത്തെ അതിഥിയാണെന്ന് മനസ്സിലാക്കണം. ഇതിനോട് പ്രീതി വെക്കരുത്, കണ്ടിട്ടും കാണാതിരിക്കൂ.

## വരദാനം:- ധൈര്യത്തിന്റെയും ഉന്മേഷ-ഉത്സാഹത്തിന്റെയും ചിറകുകളിലൂടെ പറക്കുന്ന കലയിൽ പറന്നുകൊണ്ടിരിക്കുന്ന തീവ്രപുരുഷാർത്ഥിയായി ഭവിക്കട്ടെ.

പറക്കുന്ന കലയുടെ രണ്ട് ചിറകുകളാണ്-ധൈര്യവും ഉന്മേഷ-ഉത്സാഹവും. ഏതൊരു കാര്യത്തിനും സഫലത പ്രാപ്തമാക്കുന്നതിന് വേണ്ടി ധൈര്യത്തിന്റെയും ഉന്മേഷ- ഉത്സാഹത്തിന്റെയും വളരെ ആവശ്യകതയുണ്ട്. എവിടെ ഉന്മേഷ-ഉത്സാഹം ഇല്ലയോ അവിടെ ക്ഷീണം അനുഭവപ്പെടും മാത്രമല്ല ക്ഷീണിച്ചാൽ ഒരിക്കലും സഫലമാവുകയില്ല. വർത്തമാന സമയമനുസരിച്ച് പറക്കുന്ന കലയില്ലാതെ ലക്ഷ്യത്തിലെത്തിച്ചേരാൻ സാദ്ധ്യമല്ല എന്തുകൊണ്ടെന്നാൽ പുരുഷാർത്ഥം ഒരു ജന്മത്തേക്കും പ്രാപ്തി 21 ജന്മങ്ങളിലേക്കും മാത്രമല്ല മുഴുവൻ കല്പത്തേക്കുമാണ്. അതിനാൽ എപ്പോൾ സമയത്തിന്റെ തിരിച്ചറിവ് സ്മൃതിയിലുണ്ടാകുന്നുവോ അപ്പോൾ പുരുഷാർത്ഥം സ്വതവേ തീവ്രഗതിയുടേതാകും.

## സ്ലോഗൻ:- സർവ്വരുടേയും മനോകാമനകൾ പൂർത്തീകരിക്കുന്നവർ തന്നെയാണ് കാമധേനു.